# ഗവ. മോഡൽ
# ഡി.വി.എൽ.പി.എസ്
# വടക്കുംതല

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## സ്കൂൾതലം

## 2025-26

# ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപാടുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് വഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഗവ: മോഡൽ പി.വി.എൽ.പി.എസ് വടക്കുംതല. പൊതു സമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിൽ വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

ഹെഡ്മിസ്ട്രസ്
അമ്പിളികുമാരി.

പി.ടി.എ പ്രസിഡന്റ്
അനീഷ്. എസ്

എം. പി. ടി. എ
പ്രസിഡന്റ്
ഹസീന. എ.

ഗവ: മോഡൽ: ഡി: വി: എൽ: പി: എസ്: വടക്കുംതല.

കൊല്ലം ജില്ലയിലെ കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ ചവറ ഉപജില്ലയിൽ പന്മന ഗ്രാമപഞ്ചായത്തിൽ പനയന്നാർകാവ് എന്ന നയനമനോഹരമായ ഗ്രാമത്തിലാണ് ഗവ: മോഡൽ ഡി.വി. എൽ. പി. എസ് സ്ഥിതി ചെയ്യുന്നത്. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ നിറഞ്ഞുനിന്ന ശ്രീ: കുമ്പളത്ത് ശങ്കുപിള്ളയുടെയും, നവോത്ഥാന നായകനും പണ്ഡിതനും തത്വജ്ഞാനിയുമായ ശ്രീ: ചട്ടമ്പിസ്വാമി തിരുവടികളുടെയും പാദസ്പർശമേറ്റ പനയന്നാർകാവിന്റെ മണ്ണിൽ തലയെടുപ്പോടെ നിലകൊള്ളുന്ന ഒരു സരസ്വതി ക്ഷേത്രമാണ് ഡി.വി. എൽ. പി. എസ്. വടക്കുംതല. പനയന്നാർകാവ് ദേവസ്വം സർക്കാരിലേക്ക് വിട്ടുനൽകി 50 സെന്റ് ഭൂമിയിൽ 1929 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. കൊല്ലം കരുനാഗപ്പള്ളി ദേശീയപാതയിൽ കുറ്റിവട്ടം ജംഗ്ഷനിൽ നിന്ന് ഏകദേശം 500 മീറ്റർ കിഴക്ക് മാറി തേവലക്കര റോഡിൽ തെക്കുവശത്തായി പനയന്നാർകാവ് ക്ഷേത്രത്തിന്റെ കിഴക്കുവശത്ത് ഇരുനില കെട്ടിടത്തിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്.

സമീപ പ്രദേശങ്ങളിലെ ഏതൊരു വിദ്യാലയത്തെയും പിന്നിലാക്കുന്ന തരത്തിലുള്ള ഭൗതിക സൗകര്യങ്ങളാണ് നമ്മുടെ വിദ്യാലയത്തിനുള്ളത്. ഹൈടെക്, ക്ലാസ്മുറി, ശിശുസൗഹൃദ പഠനമുറികൾ, കുട്ടികൾക്കുള്ള വിശാലമായ പാർക്ക്, വർണ്ണക്കൂടാരം, ജൈവവൈവിധ്യ ഉദ്യാനം എന്നീ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ശക്തമായ SMC, MPTA, നല്ലവരായ നാട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണ നൽകിക്കൊണ്ടിരിക്കുന്നതിനാൽ അതിയായ സന്തോഷവും അതോടൊപ്പം നന്ദിയും അറിയിച്ചുകൊള്ളട്ടെ

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഡി.വി.എൽ.പി.എസ്. വടക്കുംതല
ഫോൺ : 9496739696
സ്കൂൾ കോഡ് : 41304
വിദ്യാഭ്യാസ ഉപജില്ല : ചവറ
വിദ്യാഭ്യാസ ജില്ല : കൊല്ലം.
റവന്യൂ ജില്ല : കൊല്ലം.
BRC : ചവറ
CRC : DVLPS vadakkumthala
ഗ്രാമപഞ്ചായത്ത് : പന്മന
ബ്ലോക്ക് പഞ്ചായത്ത് : ചവറ
ജില്ലാ പഞ്ചായത്ത് : കൊല്ലം
നിയമസഭാ മണ്ഡലം : ചവറ
ലോകസഭാമണ്ഡലം : കൊല്ലം.
താലൂക്ക് : കരുനാഗപ്പള്ളി.
വില്ലേജ് : വടക്കുംതല
E. mail. : modedvlps@gmail.com.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസുമുറികളിൽ പ്രയോജനപ്പെടുത്താൻ അധ്യാപകർ ശ്രമിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കും.
6. ഗണിതലാബ്, സയൻസ് ലാബ്, വായനാമൂല എന്നിവ സജ്ജീകരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി പി.ടി.എ കളിൽ രക്ഷിതാക്കളെ ബോധവൽക്കരിക്കും.
8. ഒന്നാം ക്ലാസ് മുതൽ നാലാംക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും പാഠഭാഗത്തിനനുസൃതമായ വർക്ക്ഷീറ്റുകൾ S.R.G യുടെ നേതൃത്വത്തിൽ തയ്യാറാക്കി നൽകും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവു നിർമാണ ഇടങ്ങളാക്കി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ വിദ്യാലയന്തരീക്ഷം ഒരുക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യകലവറയാക്കി വിദ്യാലയത്തെ മാറ്റും.
12. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ.
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ചരീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# അക്കാദമികം

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിടസമുച്ചയം.
- മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.

• ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി. കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.

• കലാപഠനം, പ്രവൃത്തിപരിചയം, കായികപഠനം, എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

• പഠനത്തിൽ കൂടുതൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'അക്ഷരമുത്ത്' എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ

• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.

• സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.

പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

കാർഷിക പ്രവൃത്തികൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.

## പരിമിതികൾ

മുഴുവൻ കുട്ടികൾക്കും ക്ലാസുകൾക്കനുസൃതമായി ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

• ലാബ് സൗകര്യങ്ങൾ കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള സൗകര്യമില്ല.

• വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുണ്ടെങ്കിലും വായനശീലമാക്കിയ കുട്ടികളുടെ എണ്ണം കുറവാണ്.

- ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിൽ ക്ലാസ്റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ ആകിടില്ല
- വളരെ ചെറിയ ശതമാനം കുട്ടികളുടെങ്കിലും പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- IED കുട്ടികളുടെ പഠനപിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- കമ്പ്യൂട്ടറുകൾ കുട്ടികളുടെ എണ്ണത്തിനനുപാതികമായി ഇല്ലാത്തത് കമ്പ്യൂട്ടർ ഉപയോഗത്തിന് കുട്ടികൾക്ക് അസൗകര്യമുണ്ടാക്കുന്നു.

## ലക്ഷ്യങ്ങൾ

### ഭാഷ വികസനം :- മലയാളം

1. എല്ലാ കുട്ടികളെയും അർഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പ് വരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മ രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക

സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷവികസനത്തിന് പ്രയോജനപ്പെടുത്തുക.

ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്രനോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

ക്ലാസ് തല വായനമൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗം അവതരിപ്പിക്കാൻ രക്ഷകർത്താക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

# പരിസരപഠനം

* ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം വളർത്തുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
* ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
* ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
* ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

# സാമൂഹികാവബോധം

* ജനാധിപത്യവേദികൾ ഒരുക്കുക
* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

# ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

* ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

* ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാകുട്ടികളിലും വളർത്തുക

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* അറിവുനിർമാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.

* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# പ്രവൃത്തിപരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
* പാഠ്യവസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉല്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
* ഇതര വിഷയങ്ങളുമായി /പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

# കലാപരിശീലനം

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

* മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
* എല്ലാകുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

* ആരോഗ്യ ശീലങ്ങൾ വളർത്തുക.
* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാക്കുക.
* ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

* എല്ലാ കുട്ടികളേയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
* കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
* വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പുവരുത്തുക.
* ഭാഷാപഠനത്തിൽ ഐടിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

1 ഭാഷാപ...

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രീ-ടെസ്റ്റ്. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | June ആദ്യ ആഴ്ച. | ഭാഷാ അധ്യാപകർ. | |
| ആവശ്യമായ പഠനസാമഗ്രികളുടെ ആസൂത്രണം, നിർമ്മാണം. | പ്രവർത്തനാധിഷ്ഠിതമായ പഠനപ്രവർത്തനങ്ങളിലൂടെ പരിഹാരം കണ്ടെത്തൽ. | June ആദ്യ 2 ആഴ്ചകൾ. | SRG. | |
| അക്ഷരമുറ്റ്:- അക്ഷരം ഉറപ്പിക്കുന്നതിന്റെ പ്രവർത്തനം. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | June. | ഭാഷാഅധ്യാപകർ. | |
| ലളിതമായ വായനാസാമഗ്രികൾ നൽകി വായനയിലേക്ക്. | വായനാശേഷി വളർത്തൽ | June, July. | SRG. | |
| പരിചിതമായ അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകളുടെ നിർമ്മാണം. | ലളിത വാക്കുകളുടെ നിർമ്മാണം | July. | ഭാഷാ അധ്യാപകർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * വായിക്കാം വളരാം<br>* ജന്മദിന പുസ്തകം.<br>* ക്ലാസ് ലൈബ്രറി തയ്യാറാക്കൽ. | * വായനാശേഷി വളർത്തൽ.<br>* സ്വതന്ത്ര വായനയിലേക്ക് നയിക്കൽ. | ജൂൺ - മാർച്ച്.<br>ജൂൺ. | SRG, ക്ലാസ് അധ്യാപകർ.<br>Class PTA. | SMC. |
| * ഞാൻ വായിച്ച പുസ്തകം. | * വായിച്ച വായനാസാമഗ്രിയിലൂടെ ലഭിച്ച ആശയങ്ങൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച്. | ഭാഷാ അധ്യാപകർ | |
| * വായനാ മത്സരം.<br>* റിലേഴ്സ് തിയറ്റർ. | * ആശയ വ്യക്തതയോടെയും ശബ്ദ വ്യതിയാനത്തോടെയുമുള്ള വായനയിലേക്ക് നയിക്കൽ. | ജൂലൈ - മാർച്ച്. | ഭാഷാ അധ്യാപകർ. | |
| * വായനാക്കുറിപ്പ്. | * വായിച്ച് മനസിലാക്കിയ ആശയം സ്വന്തം വാചകത്തിൽ എഴുതുക. | ജൂലൈ - മാർച്ച്. | ഭാഷാ അധ്യാപകർ. | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ആസ്വാദനക്കുറിപ്പ്. | • വായിച്ച പുസ്തകത്തിലെ ആശയം സ്വന്തം ഭാഷയിൽ സാഹിത്യ ചേരുവയോടെ എഴുതി അവതരിപ്പിക്കുന്നു. • എഴുത്ത് പരിപോഷിപ്പിക്കൽ | ജൂലൈ അഗസ്റ്റ് - മാർച്ച് | ഭാഷാ അധ്യാപകർ | |
| * എഴുത്താം തെളിയാം | • നിശ്ചയിച്ചു നൽകുന്ന ആശയത്തെക്കുറിച്ച് സ്വന്തം ഭാഷയിൽ വ്യവഹാര രൂപ നിർമ്മാണം. | ഓഗസ്റ്റ് - മാർച്ച്. | SRG, ഭാഷാഅധ്യാപകർ | |
| * പാഠഭാഗങ്ങളിൽ നിന്നും നേടിയ ശേഷികൾ വ്യത്യസ്ത വ്യവഹാരങ്ങളായി എഴുതി അവതരിപ്പിക്കുന്നു. | • സ്വതന്ത്ര രചനയിലേക്ക് നയിക്കുക. | ജൂലൈ - മാർച്ച്. | ഭാഷാ അധ്യാപകർ. | |
| * പുസ്തക സംവാദം (ഒരു പുസ്തകം എല്ലാവരും വായിക്കുന്നു. ചർച്ച) | • വായിച്ച ആശയം നിരൂപണ സ്വഭാവത്തോടെ അവതരിപ്പിക്കൽ. | സെപ്തംബർ - മാർച്ച് | SRG. ഭാഷാ അധ്യാപകർ. | / |

| | | | | |
|---|---|---|---|---|
| • എഴുത്തുകാരുമായി സംവദിക്കൽ. | എഴുത്തുകാരെ അടുത്തറിയാനുള്ള അവസരമൊരുക്കൽ. | എഴുത്തുകാരെ ലഭ്യമാകുന്നതിനനുസരിച്ച്. | SRG, H.M. | |
| * സാഹിത്യകാരൻമാരുടെ ജൻമ-ചരമ ദിനാചരണം.<br>• പുസ്തക പരിചയം<br>* സാഹിത്യ ക്വിസ്.<br>• ലഘു പ്രഭാഷണം<br>* ജീവചരിത്രം - തയ്യാറാക്കൽ.<br>• ഡോക്യുമെന്ററി പ്രദർശനം. | * സാഹിത്യകൃതികളെയും രചയിതാക്കളെയും അടുത്തറിയുക. | ആവശ്യാനുസരണം. | SMC, SRG. | SMC. CPTA. |
| * പ്രാദേശിക കലാരൂപങ്ങളുടെ വീഡിയോ പ്രകാശനം.<br>* പ്രാദേശിക കലാരൂപകാരൻമാരുടെ സേവനം ക്ലാസ്മുറിയിലേക്ക്. | * പ്രാദേശിക കലകളും കലാരൂപങ്ങളും പരിചയപ്പെടുക.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ പരിചയപ്പെടൽ. | പാഠഭാഗത്തിലെ പ്രവർത്തനകാലയളവനുസരിച്ച്. | SRG, ക്ലാസ് - അധ്യാപകർ. | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| * പഠനോത്സവത്തിലെ മികവ് അവതരണം.<br><br>* ഡയറി പ്രദർശനം | * നേടിയ കഴിവുകൾ ആത്മവിശ്വാസത്തോടെ സ്വന്തം ആശയത്തിലും ഭാഷയിലും അവതരിപ്പിക്കുക. | വർഷാവസാനം | SRG, SMC. | |

| | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * Pre-Test. | *ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | June ആദ്യവാരം | ഭാഷാ അധ്യാപകർ | |
| * Letter Rain. (അക്ഷരം തിരിച്ചറിയാനുള്ള പ്രവർത്തനം) | * ഭാഷയുടെ അടിസ്ഥാന ഘടകമായ അക്ഷരങ്ങൾ ഉറപ്പിക്കുക. | June | ഭാഷാ അധ്യാപകർ. | |
| * കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് അവശ്യമായ പഠനോപകരണ നിർമ്മാണം. | * പ്രവർത്തനാധിഷ്ഠിതമായ പ്രവർത്തനം ഒരുക്കൽ. | June | SRG, CPTA. | SMC, SRG. |
| * ലളിതമായ വാക്കുകൾ 3/4 അക്ഷരങ്ങൾ വായിക്കുന്നു. | * വായനയിലേക്ക് നയിക്കുക. | June - July. | ഭാഷാ അധ്യാപകർ | |
| * ലളിതമായ വായനാ കാർഡുകൾ വായിക്കുന്നു. പ്രോത്സാഹനം നൽകുന്നു. | * ആത്മവിശ്വാസത്തോടെ വായിക്കുവാൻ പ്രാപ്തരാക്കുക. | July - March. | " | |

| | | | | |
|---|---|---|---|---|
| * ഇംഗ്ലീഷ് അസംബ്ലി. | ആശയം ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുവാനുള്ള കഴിവ് വളർത്തുക. | June മുതൽ. | ക്ലാസ് അധ്യാപകർ | |
| * ഡയറി എഴുത്ത്. | സ്വന്തം ആശയം ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുക. | June - മാർച്ച്. | ഭാഷാ അധ്യാപകർ. | |
| * റീഡേഴ്സ് തിയറ്റർ. | * ആശയം മനസ്സിലാക്കി ശബ്ദ വ്യത്യാസത്തോടെ വായിക്കുക. | June - March. | ഭാഷാ അധ്യാപകർ | |
| * പാഠഭാഗത്തെ വ്യവഹാര രൂപങ്ങളുടെ രചന, അവതരണം. | * വ്യവഹാര രൂപങ്ങൾ തെറ്റില്ലാതെ എഴുതുവാനും വായിക്കുവാനും കഴിവ് വളർത്തുക. | | | |
| * ക്ലാസ് ലൈബ്രറി വിപുലമാക്കൽ. | കുട്ടികളുടെ നിലവാരത്തിലുള്ള പുസ്തകങ്ങൾ class library യിൽ ഒരുക്കുക | June - march | SMC, CPTA. | |

| [illegible] | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * Story in my words. | * വായിച്ച ആശയം സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു. | ~~June~~ August - March. | English teacher. | |
| * Lets ~~Story~~ Make Story. | * ചിത്രം നോക്കി സ്വന്തം ഭാഷയിൽ കഥയുണ്ടാക്കിപ്പറയുന്നു. | October - March | " | |
| * Lets write Stories. | * ചിത്രം നോക്കി സ്വന്തമായി ലളിതമായ കഥ രചിക്കുന്നു. | November - March | " | |
| * English Magazene | * കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കുട്ടികളുടെ നേതൃത്വത്തിൽ ഉൽപന്നങ്ങൾ തയ്യാറാക്കുക | December. | English teachers. | |
| * ഇംഗ്ലീഷ് കൈയെഴുത്ത് | സർഗാത്മകതാ രചനാ- ശേഷി വികസനം | January - March (മാസത്തിൽ ഒന്ന്) | " | |
| * English corner. കുട്ടികളുടെ രചന ഉൾപ്പെടെ വായനാ സാമഗ്രി ഒരുക്കുന്നു. | വായനാ പരിപോഷണം. | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പുസ്തക പരിചയം. | • ലഭിതമായ പുസ്തകങ്ങൾ വായിച്ച് അതിനെക്കുറിച്ച് ആത്മവിശ്വാസത്തോടെ പറയുവാൻ പ്രാപ്തരാക്കുക | September മുതൽ മാസം തോറും. | English Teacher. | |
| • English fest. | • ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കുക. (ആത്മവിശ്വാസം വളർത്തൽ) | വർഷാവസാനം. | SRG. | |
| പഠനോത്സവം. | കുട്ടികളുടെ english ഭാഷാ പ്രാവീണ്യം സമൂഹത്തെ ബോധ്യപ്പെടുത്തൽ. | വർഷാവസാനം. | SRG, English അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| Pre- Test. | * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ. | June ആദ്യ ആഴ്ച. | ഗണിത അദ്ധ്യാപകർ | |
| * വിവിധ ഗണിത കളികൾക്ക് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | * ഗണിതപഠനം ലളിതവും രസകരവുമാക്കുക. | June | SRG, SMC. | SMC |
| * സംഖ്യാമഴ. (സംഖ്യ തിരിച്ചറിയൽ, തുടർച്ചയായി എണ്ണൽ, വലുത്, ചെറുത്, പാറ്റേൺ എന്നിവ) | * സംഖ്യാബോധം വളർത്തുക. | June | ഗണിത അദ്ധ്യാപകർ. | |
| * കളിക്കാം... പഠിക്കാം (കുന്നിയും പാമ്പും, ഡയസ് കളി, കച്ചവട-കളി) | * ഗണിതക്രിയകളിൽ മികവുള്ളവരാക്കുക. | July- March. | ഗണിതാദ്ധ്യാപകർ. | |
| * രൂപങ്ങളുടെ നിർമ്മാണം. | * ഗണിതപഠനം രസകരവും പ്രക്രിയാബന്ധിതവും ആക്കുക. | ~~June~~ - പാഠഭാഗത്തിനനുസരിച്ച്. | " | |
| * ഗണിത ലാബ്. | * ഗണിത ലാബ് പ്രയോജനപ്പെടുത്തൽ. | വർഷം മുഴുവൻ | SRG, class teachers. | |

| | | | | |
|---|---|---|---|---|
| പഠനോപകരണ ശില്പശാല. | ഗണിതപഠനം രസകരമാക്കുക. | രണ്ട് മാസത്തിൽ ഒരിക്കൽ. | CPTA. | CPTA |
| ഗണിത ചുമർ. | ഗണിത രൂപങ്ങളുടെ മൂല്യവും പ്രത്യേകതയും തിരിച്ചറിയൽ. | വർഷം മുഴുവൻ. | ഗണിത അധ്യാപിക. | |
| ഗണിത മേള. | ഗണിത ശേഷികളുടെ അവതരണം. | വർഷത്തിലൊന്ന്. | SRG, ഗണിത അധ്യാപകർ. | |
| • പഠനഉത്പന്നങ്ങളുടെ പ്രദർശനം. (പഠനോത്സവം) | നേടിയ മികവുകളുടെ അവതരണം. | വർഷാവസാനം | SRG SMC. | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | [illegible] |
| --- | --- | --- | --- | --- |
| * പ്രീ-ടെസ്റ്റ്. | * കുട്ടികളുടെ നിലവാരം തിരിച്ചറിയുന്നു. | June ആദ്യവാരം | ശാസ്ത്ര അധ്യാപകർ. | |
| * പ്രകൃതി നടത്തം. | * ചുറ്റുപാടും നിരീക്ഷിച്ച് അറിവ് നിർമ്മിക്കുന്നു. | പാഠഭാഗ പ്രവർത്തനത്തിനനുസരിച്ച്. | ,, | |
| * ശാസ്ത്രപഠനത്തിന് അവശ്യമായ സാമഗ്രികൾ ഒരുക്കൽ. | * ശാസ്ത്രപഠനം പ്രക്രിയ ബന്ധിതമാക്കുക. | June - March | ,, SRG. | |
| * പഠനയാത്ര. | * നേരനുഭവങ്ങൾ നൽകുക. | ആവശ്യാനുസരണം | SRG. H.M. SMC | |
| * രൂപട നിർമ്മാണം. | ഭൂപടം, സൂചിക എന്നിവയിൽ അറിവ് ഉറപ്പിക്കുക. | വർഷത്തിലൊന്ന്. | ശാസ്ത്രാധ്യാപകർ. | |
| * ശാസ്ത്രചുമർ ഒരുക്കൽ | ശാസ്ത്രപഠനം രസകരമാക്കുക. | പാഠഭാഗത്തിന് അനുസരിച്ച്. | SRG ക്ലാസ് ടീച്ചർ. | |
| * ശാസ്ത്ര വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ, പ്രദർശനം. | ശാസ്ത്ര അഭിരുചി വളർത്തുക | June - March. | ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| * ശാസ്ത്ര മാസിക. | *ശാസ്ത്ര അറിവുകളുടെ രചന. | വർഷത്തിലൊന്ന്. | HM. SRG. ശാസ്ത്ര അദ്ധ്യാപകർ. | |
| * പഠന ഉപകരണങ്ങളുടെ പ്രദർശനം. | * പഠനങ്ങളറിവുകൾ ബോധ്യപ്പെടുത്തൽ. | വർഷാവസാനം | SRG. | |
| * ശാസ്ത്രോത്സവം. | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം പ്രദർശനം. | വർഷാവസാനം. | SRG, SMC. | |